# 1

# വിശ്വസ്തമായി ദൈവ വചനം ഉപദേശിക്കൽ

## (1 തിമൊഥെയൊസ് 1)

*"അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവവ്യവസ്ഥക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും, ചിലരോടു ആജ്ഞാപിക്കേണ്ടതിനു, നീ എഫെസൊസിൽ പാർക്കേണം എന്നു ഞാൻ മക്കെദോന്യക്കു പോകുമ്പോൾ അപേക്ഷിച്ചിരുന്നു, ..." (1 തിമൊഥെയൊസ് 1:3, 4).*

ദൈവവചനത്തിന്റെ – ഉറവിടം, പരിപൂർണ്ണത, രക്ഷിക്കുന്ന ശക്തി – എന്നിവയെ കുറിച്ചു പൗലൊസ് തിമൊഥെയൊസിനു എഴുതി അറിയിച്ചു. തിമൊഥെയൊസ് പത്ഥ്യോപദേശത്തിന്റെ പ്രാധാന്യത്തെ മനസ്സിലാക്കണമെന്നു പൗലൊസ് ആഗ്രഹിച്ചു (1:3–7) ദൈവവചനത്തെ തെറ്റായി ഉപയോഗിക്കുന്ന ഏതൊരു വെല്ലുവിളിയെയും തിരിച്ചറിയുവാൻ പ്രാപ്തനാകണമെന്നും ആഗ്രഹിച്ചു (1:7–11). പാപികളെ വീണ്ടെടുക്കുന്ന ദൈവത്തിന്റെ കരുണയെയും അവൻ എഴുതി അറിയിച്ചു (1:12–17) ദൈവം നമ്മിൽ ഓരോരുത്തരിൽ നിന്നും ഓരോ തീരുമാനവും ആവശ്യപ്പെടുന്നു എന്നതും ഊന്നൽ കൊടുത്തിരിക്കുന്നു (1:18–20).

**പാഠം 1: പത്ഥ്യോപദേശത്തിന്റെ പ്രാധാന്യം (1:3-7)**

### ദൈവവചനം ദുർവിനിയോഗപ്പെടുത്തി (വാ. 3, 4)

അവർക്കു ചുറ്റുമുള്ളവർ വിലയേറിയ സുവിശേഷത്തെ ദുർവിനിയോഗം ചെയ്യുമ്പോൾ, ദൈവവചനത്തിൽ നിന്ന് തിമൊഥെയൊസ് വഴുതി പോകാതിരിപ്പാൻ പൗലൊസ് കൊടുക്കുന്ന കല്പനയിൽ അതിശയിക്കുവാനില്ല (1:18–20). പൗലൊസ് ക്രിസ്തുവിന്റെ അപ്പൊസ്തലൻ ആകയാൽ അത്തരം കല്പന തിമൊഥെയൊസിനു കൊടുക്കുവാൻ പൗലൊസിനു അവകാശം ഉണ്ടായിരുന്നു.[1] "നമ്മുടെ പ്രത്യാശയായ, ക്രിസ്തുയേശു എന്ന നമ്മുടെ രക്ഷകനാലും ദൈവത്താലും" തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു പൗലൊസ് (1:1) നമ്മുടെ കഴിഞ്ഞകാല പാപത്തിൽ നിന്നു നമ്മെ വീണ്ടെടുക്കുന്ന സുവിശേഷം അറിയിക്കുവാനായിരുന്നു

(റോമർ 3:23; എഫെസ്യർ 2:1–6). അവന്റെ ഉപദേശം നമുക്കു മഹത്വകരമായ ഭാവിയിലേക്കുള്ള വഴി തുറന്നു (കൊലൊസ്യർ 1:24–28).

വാക്യം 2 അനുസരിച്ചു, വിശ്വാസത്തിൽ നിജപുത്രനായ, തിമൊഥെയൊസിനു, മൂന്നു ദൈവിക ഉപകാരങ്ങൾ ലഭിച്ചു: (1) താൻ നല്കേണ്ട സേവനത്തിന്റെ വ്യാപ്തിക്ക് അവനെ ശക്തിപ്പെടുത്തുവാൻ അവനു "കൃപ" നല്കി (2 തിമൊഥെയൊസ് 2:1), അങ്ങനെ വളരുവാനും തന്നെക്കാൾ കൊടുക്കുവാനും കഴിയുമായിരുന്നു.[2] (2) അവന്റെ പ്രവൃത്തിയിൽ ഉൾപ്പെട്ട ബഹുവിധമായ ഉത്തരവാദിത്വങ്ങൾ നേരിടുന്ന തെറ്റുകൾക്ക് അവനു "കരുണ"[3] ആവശ്യപ്രകാരം നല്കി (എബ്രായർ 4:16; എഫെസ്യർ 2:4–9). (3) ബാഹ്യ സാഹചര്യങ്ങൾ എന്തായാലും ഉറച്ചു നിന്നു സേവിക്കുവാൻ അവനെ അനുവദിക്കേണ്ടതിനു അവന്റെ ഉള്ളിൽ "സമാധാനവും," നല്കി. തടവുകാരനായിരുന്ന പൗലൊസ്, ഒരു ഉപദേഷ്ടാവു എങ്ങനെ വിചാരപ്പെടുന്നതിനെ അതിജീവിക്കാമെന്നു കാണിക്കുന്നു. (നോക്കുക ഫിലിപ്പിയർ 4:4–7.)[4] പൗലൊസ് തിമൊഥെയൊസിനു ഊന്നൽ കൊടുക്കുന്ന ആ മൂന്നു ഉപകാരങ്ങളും പരിഗണിക്കുക. വാസ്തവത്തിൽ, സുവിശേഷകന്റെ കയ്യിൽ ഏല്പിച്ച ദൈവവചനം ക്രിസ്ത്യാനികൾ അഭിമുഖീകരിക്കുന്ന തങ്ങളുടെ ജീവിതാനുഭവങ്ങളിൽ പ്രയോഗിച്ചാൽ അതു ജീവിതത്തെ മാറ്റുവാൻ ശക്തമായതാണ്.

തിരുവെഴുത്തു ദുർവിനിയോഗം ചെയ്യുമ്പോൾ, ജാഗ്രതയുള്ള ഒരു സുവിശേഷകൻ ദുർവിനിയോഗം ചെയ്യുന്നവരോടു "അന്യഥാ [വ്യത്യസ്തമായി] ഉപദേശിക്കരുത്" എന്നു വിലക്കണം[5] (1:3).

"പഥ്യോപദേശം" സത്യത്തിനു പകരം കൈക്കൊള്ളുന്ന കെട്ടുകഥയാകാം[6] കാരണം അതാണ് ഒരാൾക്കുകേൾക്കുവാൻ താല്പര്യമുള്ളതു (2 തിമൊഥെയൊസ് 4:3, 4). അത്തരം ഉപദേശം പൗലൊസിന്റേയും തിമൊഥെയൊസിന്റേയും സമയത്തുള്ള യെഹൂദന്മാർക്കിടയിൽ ഒരു പ്രശ്നമായിരുന്നു, എന്നാൽ "സത്യത്തിൽ നിന്നകലുന്ന" ഏതൊരു മനുഷ്യനും ആ മുന്നറിയിപ്പു ബാധകമാണ് (തിത്തൊസ് 1:14). ഇതുമായി ബന്ധപ്പെട്ടതാണ് "അന്തമില്ലാത്ത വംശാവലി" അല്ലെങ്കിൽ "നാം എല്ലായ്പോഴും ചെയ്തു വന്നതു." യെഹൂദന്മാരുടെ മതപരവും ദേശീയപരവുമായ അന്തസ്സ് പരിപോഷിപ്പിക്കുന്നതിനു ആളുകൾ യെഹൂദ ചരിത്രകഥകൾ എടുക്കുന്നതു പൗലൊസിന്റെ സമയത്തു ഒരു പ്രശ്നം ആയിരുന്നു, അതു ജാതികൾക്കെതിരായി വിദ്വേഷത്തിലേക്കു നയിച്ചിരുന്നു (നോക്കുക മത്തായി 3:1, 7–10; പ്രവൃത്തികൾ 15:1–31; മർക്കൊസ് 7:8–13). ആ പ്രശ്നം "ന്യായപ്രമാണത്തെ കുറിച്ചുള്ള തർക്കത്തിനിടയാക്കി" (തിത്തൊസ് 3:9–11).

"വിശ്വാസമെന്ന ദൈവവ്യവസ്ഥക്കപ്പുറമായി ഊഹാപോഹങ്ങൾ ഉയർത്തുന്നതാണ്" തർക്കങ്ങൾ (വാ. 4; നോക്കുക 6:4, 20; 2 തിമൊഥെയൊസ് 2:16, 23; 4:4; ഗലാത്യർ 2:11–3:9). ഊഹാപോഹങ്ങൾ[7] സൂക്ഷ്മമായ ത്വരയും വിദ്വേഷവുമാണുണ്ടാക്കുന്നത്, എന്നാൽ അതിനാൽ *ഒരു നന്മയും* ഉണ്ടാകുന്നില്ല! അവ പ്രവൃത്തികൾ 6:8–14 മായി മർക്കൊസ് 14:53–59 നെയും പ്രവൃത്തികൾ 7:57–60 മായി മർക്കൊസ് 15:22–24 നെയും താരതമ്യപ്പെടുത്തിയാൽ ഇത്തരം പ്രവൃത്തികളുടെ ഞെട്ടിക്കുന്ന രണ്ടു

ഉദാഹരണങ്ങൾ കാണാം. ഒന്നു ക്രിസ്തുവിനെ ക്രൂശിൽ തറെക്കുന്ന തോടെ അവസാനിക്കുന്നു, വേറൊന്നു സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊന്നപ്പോഴും! ഈ സ്വഭാവം നിമിത്തം അനേകം പേർ ആത്മിയ മരണ ത്തിനിരയായി (മത്തായി 7:20). ഭിന്നിപ്പിക്കുന്ന വാഗ്ദാനങ്ങൾ ഒഴിവാ ക്കുവാൻ ഓരോ സുവിശേഷകനും ദൈവം ജ്ഞാനം തരുമാറാകട്ടെ.

**ദൈവവചനം പ്രയോഗിച്ചു (വാ. 5)**

ദൈവവചനം നല്ല ആളുകളേയും സുവിശേഷകരേയും വളർ ത്തുന്നത് നമ്മുടെ ചിന്ത മനുഷ്യന്റെ കെട്ടുകഥകളിലേക്കും കല്പനക ളിലേക്കും തിരിയാതെ ദൈവത്തിന്റെ നടത്തിപ്പ്, അല്ലെങ്കിൽ "ആജ്ഞക്കു"[8] (ഏഎസ്വി), വിധേയപ്പെടുമ്പോഴാണ്. ഈ നല്ല ചിന്ത യാഥാർത്ഥ്യമാകുന്നത് പൗലൊസ് അഞ്ചായി തരം തിരിച്ചു നല്കുന്ന സ്വഭാവത്തെ വിശകലനം ചെയ്യുന്നതിലൂടെയാണ്:

(1) "വിശ്വാസത്തിൽ"[9] ആണ് ഒരാളുടെ ചിന്ത അടിസ്ഥാനപ്പെടുത്തി യിരിക്കുന്നത്. ഒരു വ്യക്തി സേവിക്കുന്നതിലും അവനോ അവളോ സേവി ക്കേണ്ടതിലും വിശ്വാസമാണ് വേണ്ടത് (നോക്കുക 2 കൊരിന്ത്യർ 5:7; പ്രവൃത്തികൾ 6:7).

(2) സ്നേഹത്താൽ കീഴ്പ്പെടുത്തേണ്ടതും ഉത്തേജിപ്പിക്കേണ്ടതുമാ യിരിക്കണം ഒരാളുടെ ചിന്ത (1 യോഹന്നാൻ 4:19; 2 കൊരിന്ത്യർ 5:14, 15; യോഹന്നാൻ 13:34, 35; 1 പത്രൊസ് 1:22).

(3) വിശുദ്ധ ഹൃദയത്തിൽ നിന്നാണ് ഒരാളുടെ ചിന്ത വരേണ്ടത് (നോക്കുക തിത്തൊസ് 1:15, 16; 1 യോഹന്നാൻ 3:3). ഉപദേഷ്ടാക്കന്മാ രുടെ അസൂയ, അധികാര - ഭ്രമം, സ്വാർത്ഥത എന്നിവ എന്നേക്കുമായി ഇത് അവസാനിപ്പിക്കും.

(4) ഒരാളുടെ ചിന്ത നല്ല മനസാക്ഷിയിൽ നിന്നു വേണം വരുവാൻ (പ്രവൃത്തികൾ 23:1). നല്ല മനസാക്ഷിയോടെ വരുന്നവർ മുഖാന്തരം ദൈവം എന്തെല്ലാം കാര്യങ്ങൾ ചെയ്യും എന്നതിന്റെ തെളിവാണ് പൗലൊ സ്.

(5) ഒരാളുടെ ചിന്തയിൽ ആത്മാർത്ഥ വിശ്വാസവും ഉണ്ടായിരി ക്കണം (2 തിമൊഥെയൊസ് 1:5; യാക്കൊബ് 2:17). വിശ്വാസം ഉറവിടമാ കയാൽ, അല്ലെങ്കിൽ അടിസ്ഥാനം ആകയാൽ, അതിന്മേലാണ് സ്വഭാവ രൂപീകരണം പണിയേണ്ടതു, വിശ്വാസം എന്ന ഉറവിടത്തിൽ നിന്നാണ് നമ്മുടെ ആത്മ വിശ്വാസം വളർത്തേണ്ടത്. ചിലരെ നിരാശപ്പെടുത്തു കയും മറ്റുള്ളവരെ വഞ്ചിക്കുകയും ചെയ്യുന്ന തെറ്റായ വശം കാണിച്ചു കൊടുക്കുന്നതിൽ ഒരു ചതിയോ കള്ളത്തരമോ ഇല്ല. ഒരാൾക്ക് വിശ്വാ സമുണ്ടാകുന്നത് ക്രിസ്തുവിന്റെ പുതിയ നിയമോപദേശം കേൾക്കുമ്പോ ഴാണെങ്കിൽ (കെട്ടുകഥകൾ അല്ല), അതു പിടിച്ചു കൊള്ളുന്നതു എത്ര മനോഹരം (റോമർ 10:15-17)!

**ദൈവ വചനം തെറ്റായി ഉപയോഗിച്ചു (വാ. 6, 7)**

അനിഷ്ടകരമായ, വഞ്ചകരായ ഉപദേഷ്ടാക്കന്മാർ ചിലപ്പോൾ ദൈവവചനത്തെ തെറ്റായി ദുർവിനിയോഗം ചെയ്തുപയോഗിക്കും. ആ

ആത്മാക്കൾ "മനസാക്ഷിയിൽ ചൂടു വെച്ചവരാണ്."[10] തിരുവെഴുത്തുകൾ ഒരാൾ പഠിച്ചാൽ പോലും ഒരാൾക്ക് രക്ഷ നഷ്ടപ്പെട്ടേക്കാം (നോക്കുക യോഹന്നാൻ 5:39, 40). ക്രിസ്തുവിൽ ആയി തീർന്നവരും തങ്ങൾ "വിശ്വാസത്തിൽ തന്നെയോ" എന്നു പരിശോധിക്കണം (2 കൊരിന്ത്യർ 13:5). അവരുടെ വിശ്വാസം വ്യാജമാകാൻ തുടങ്ങുകയും, നല്ല മനസാക്ഷി വിട്ടുകളയുകയും, ദൈവജനത്തിന്റെ വിശുദ്ധ ഹൃദയത്തിൽ നിന്ന് സ്നേഹം വിട്ടുപോവുകയും ചെയ്യുമ്പോൾ, വഴിതെറ്റൽ സംഭവിക്കുന്നു എന്നതാണ്, ഈ സന്ദർഭത്തിൽ പറയുന്നത് (1:5, 6).

"ഫലശൂന്യമായ ചർച്ചകളിലേക്കു"[11] തിരിയുന്നതുകൊണ്ട് ക്രിസ്ത്യാനികൾ തീർച്ചയായും തെറ്റിപ്പോകാം. തിത്തൊസ് 1:10-ൽ വിവരിച്ച ആളെ പോലെയുള്ളവരെ റോബിൻസൺ വിവരിച്ചതു "വെറുതെ ശണ്ഠയിടുന്നവൻ"[12] എന്നും അത്തരം വ്യക്തിയെ തേയർ പറഞ്ഞതു "വെറും സംസാരപ്രിയൻ, അർത്ഥശൂന്യമായ കാര്യങ്ങൾ, വൃഥാ സംസാരിക്കുന്നവൻ"[13] എന്നുമാണ്. ധാരാളം സമയനഷ്ടവും തെറ്റിദ്ധാരണയുമായിരിക്കും തിരുവെഴുത്തുമായി അധികം ബന്ധമില്ലാത്ത കാര്യങ്ങൾ അർത്ഥശൂന്യമായി ചർച്ച ചെയ്താൽ കിട്ടുന്ന ഫലം. സഹോദരന്മാർ അവരുടെ "നല്ല കാലുകൾ" അവനായി വെച്ചു കൊടുക്കുമ്പോൾ തീർച്ചയായും, പിശാചു സന്തോഷിക്കും!

ദൈവത്തിന്റെ വചനം മനസ്സിലാക്കാതെ വൃഥാ തർക്കിക്കുന്നവർ അവർ മനസ്സിലാക്കാത്ത കാര്യങ്ങളിൽ "ആത്മവിശ്വാസത്തോടെ ഉറപ്പ് പറയുന്നത്"[14] ഇരട്ടി കുഴപ്പങ്ങൾ ഉണ്ടാക്കും. ഇത്തരം സഹോദരന്മാർ പലപ്പോഴും ആവേശത്തോടെ ക്രിസ്തുവിൽ പ്രവേശിക്കുന്നവരും, അവർ മറ്റുള്ളവരുടെ വിശ്വാസത്തെ ഹനിക്കുന്ന ചില "പ്രശ്നം," "വിനോദം," അല്ലെങ്കിൽ "പുതിയതായി കണ്ടുപിടിച്ച മാതൃകക്ക്" ഊന്നൽ കൊടുക്കുന്നവരുമായിരിക്കും. അവർ അത്തരം പോരാട്ടം കൊണ്ടുവന്നു കർത്താവിന്റെ ശരീരത്തെ ഭിന്നിപ്പിക്കും.

നശിപ്പിക്കുന്നതും അപകടകരമായതുമായ രണ്ടു പ്രശ്നങ്ങൾ ദുരുപദേശത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഒന്നു, ഒരു വഞ്ചിക്കപ്പെട്ട ആത്മാവിനു അവിശ്വസനീയമായ ആവേശത്താൽ പ്രവർത്തിക്കുവാൻ കഴിയും. ഈ സത്യത്തിന് പൗലൊസ് തന്നെ ഒരു മാതൃകയാണ്. രണ്ടാമത്, ആത്മവിശ്വാസത്തോടെ നല്കുന്ന തെറ്റായ ഉറപ്പുകൾ ചില ആളുകൾ വിശ്വ*സിക്കും* (റോമർ 16:17, 18). ആരെങ്കിലും വെറും വമ്പു പറഞ്ഞു ദുഷ്ക്കാമവൃത്തികളാൽ കാമഭോഗങ്ങളിൽ കുടുക്കുന്നുവെങ്കിൽ, "കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റു പോയാൽ, ... അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ അധികം വഷളായിപ്പോയി" എന്നു പത്രൊസ് പറഞ്ഞിരിക്കുന്നു (2 പത്രൊസ് 2:18-20; നോക്കുക വെളിപ്പാട് 2:4, 5; 3:14-18).

നൂറ്റാണ്ടുകളോളം കലങ്ങിയ ശിഷ്യന്മാരെയും തെറ്റിദ്ധരിച്ച ഇടവകകളെയും കണ്ടശേഷം, നാം ചോദിക്കേണ്ടതു, "ബൈബിൾപരമല്ലാത്ത ഉപദേശങ്ങളിലേക്കു തിരിയുവാൻ സഹോദരന്മാരെ പ്രേരിപ്പിച്ചത് എന്ത്?" കുഴപ്പം പിടിച്ച ആളുകളുടെ[15] അഞ്ചു സ്വഭാവങ്ങൾ വില്യം ബാർക്ക്‌ലേ

പറയുന്നുണ്ട്.

ഒന്നു, ദുരുപദേഷ്ടാവു ഒരു പുതുമ ആഗ്രഹിച്ചുകൊണ്ടായിരിക്കും വരിക ("നമ്മുടെ പഴയ പാരമ്പര്യരീതികളിൽ" നിന്നു പുതിയ ഒരു മാറ്റം പോലെയായിരിക്കും). നമുക്കു ഒരു പക്ഷെ പാരമ്പര്യരീതികളിൽ മാറ്റം ആവശ്യമായേക്കാം, എന്നാൽ അതു ആ നടപടിയിൽ സത്യത്തിനു മാറ്റം വരുത്താതെ നോക്കണം (നോക്കുക പ്രവൃത്തികൾ 17:21). നാം "ശിശുവിനെ കുളിപ്പിച്ച വെള്ളത്തോടൊപ്പം ശിശുവിനെയും പുറത്തു" കളയാതിരിക്കണം.

രണ്ടു, അയാൾ തിരുവെഴുത്തിനല്ല, തന്റെ മനസ്സിൽ ഊന്നൽ കൊടുക്കുന്നതു സങ്കല്പത്തിനാണ് (നോക്കുക മർക്കൊസ് 7:8–13; റോമർ 1:21–25).

മൂന്നു, അയാൾ പ്രവർത്തിക്കുന്നതിനു പകരം വാദിച്ചുകൊണ്ടിരിക്കും (അല്ലെങ്കിൽ സേവിക്കുകയോ; മത്തായി 23:1–4; 1 തിമൊഥെയൊസ് 6:4, 5).

നാലു, താഴ്മക്കു പകരം അയാളിൽ നിഗളഭാവമായിരിക്കും ഉണ്ടാകുക (നോക്കുക 1 തിമൊഥെയൊസ് 1:7; 2 തെസലൊനിക്യർ 2:2–4, 9–11; മത്തായി 16:21–23 കൂടാതെ 1 പത്രൊസ് 5:5–7).

അഞ്ചു, ജ്ഞാനമില്ലാത്തതും തെളിവില്ലാത്തതുമായ സ്വയാഭിപ്രായത്തിന്റെ കുറ്റമായിരിക്കും അയാളിലുണ്ടാകുക (1 തിമൊഥെയൊസ് 1:7; റോമർ 10:1–3; 2 പത്രൊസ് 2:17–19; 3 യോഹന്നാൻ 9, 10).

ആരും ആ അഞ്ചു സ്വഭാവ മാതൃകകളും പിൻപറ്റുവാൻ ആഗ്രഹിക്കാതിരിക്കുമ്പോൾ, ഇത്തരം സ്വഭാവങ്ങളിൽ ഒന്നോ അല്ലെങ്കിൽ അതിൽ കൂടുതലോ സ്വഭാവങ്ങൾക്കിരയായ ചിലർ അതിനെ പൈശാചിക ഭക്തിയോടെ പിന്തുടരുന്നതിനാൽ, പല സഹോദരന്മാരും കഷ്ടപ്പെടുന്നു.

*നമ്മുടെ ആത്മാക്കളുടെ സുരക്ഷിതത്വത്തിനായി, നാം ഓരോരുത്തരും ഈ അഞ്ചിൽ ഏതെങ്കിലും ഒന്നു നമ്മെ മുറിപ്പെടുത്തിയിട്ടുണ്ടോ എന്നു ആത്മാർത്ഥമായി ചോദിക്കുക.* നമുക്കു "എല്ലാം ശ്രദ്ധയോടെ പരിശോധിക്കാം" (1 തെസലൊനിക്യർ 5:21) നാം രക്ഷിക്കപ്പെട്ടതായ "വചനത്തെ മുറുകെ പിടിക്കയും ചെയ്യാം" (1 കൊരിന്ത്യർ 15:2).

---

### *ഏതു നിയമം? (1 തിമൊഥെയൊസ് 1:7–11)*

1:7, 8 ലെ "ന്യായപ്രമാണം" എന്താണ്? പൗലൊസ് ഒരുപക്ഷെ മോശെയുടെ ന്യായപ്രമാണത്തെ ആകാം സൂചിപ്പിച്ചത്. എങ്ങനെയായാലും, അവന്റെ ചർച്ചയുടെ അവസാനം അവന്റെ വിചാരം ക്രിസ്തുവിന്റെ നിയമത്തിലായിരുന്നു എന്നും എങ്ങനെ അതു – ഒരു നിയമമായി – നിയമലംഘനക്കാരെ കൈകാര്യം ചെയ്യുമെന്നും (1:9, 10) സ്പഷ്ടമാക്കുന്നു. അങ്ങനെ പൗലൊസ് നിയമത്തിന്റെ ശരിയായ പ്രയോഗം ചർച്ച ചെയ്യുകയാണ്.

കുറ്റകൃത്യങ്ങളും അഴിമതിയും കുറയ്ക്കുവാൻ, ദൈവം നല്കിയ ന്യായപ്രമാണം നല്ലതായിരുന്നു (റോമർ 13:1–7; ഗലാത്യർ 3:19). ചിലർ ദൈവത്തിന്റെ നിയമത്തെ അഗണ്യമായി കരുതി (ആവർത്തന പുസ്തകം

12:8; ന്യായാധിപന്മാർ 2:10, 11; 21:25); മറ്റുള്ളവർ താമസിച്ചു അനുസരിച്ചു (സഭാപ്രസംഗി 8:11). വേറെ ചിലർ ന്യായപ്രമാണത്തെ നിയമരഹിതമായി അടിച്ചേല്പിക്കുവാൻ ശ്രമിച്ചു (പ്രവൃത്തികൾ 2:22-24) അല്ലെങ്കിൽ തെറ്റായ ആളുകളിൽ അടിച്ചേല്പിക്കുവാൻ ശ്രമിച്ചു.

പൊതുവിൽ, "ന്യായപ്രമാണം" നീതിമാന്മാർക്കു വേണ്ടി ഉണ്ടാക്കിയതല്ല. "പത്ഥ്യോപദേശം"[16] തള്ളിക്കളഞ്ഞ ലംഘനക്കാരിലാണ് പൗലൊസ് അതു പ്രയോഗിച്ചത്:

| | | |
|---|---|---|
| അധർമ്മികൾ[17] | ബാഹ്യന്മാർ[21] | നരമോഷ്ടാക്കൾ[24] |
| മത്സരക്കാർ[18] | മാതൃ, പിതൃ ഹന്താക്കൾ | ഭോഷ്ക്ക് പറയുന്നവർ[25] |
| അഭക്തർ[19] | കുലപാതകർ | കള്ളസത്യം ചെയ്യുന്നവർ[26] |
| പാപികൾ[20] | ദുർന്നടപ്പുകാർ[22] | പത്ഥ്യോപദേശത്തിനു വിപരീതമായ മറ്റെല്ലാം |
| അശുദ്ധർ | പുരുഷമൈഥു[23] നക്കാർ | |

ദൈവം സുവിശേഷത്തെ മഹത്വകരമാക്കിയതായി വാക്യം 11-ൽ തെളിയുന്നതുപോലെ ന്യായപ്രമാണം ആളുകളുടെ ദുഷ്പ്രവൃത്തികൾ കുറയ്ക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് എന്നു വാക്യം 11-ൽ സ്പഷ്ടമായി തിരിച്ചറിയുന്നു.

## പാഠം 2: വീണ്ടെടുക്കപ്പെട്ട ഒരു പാപി (1:12-17)

ദൈവവചനത്തെ ദുർവിനിയോഗിക്കുന്നതിനെയും തെറ്റായി ഉപയോഗിക്കുന്നതിനെയും അതിജീവിക്കേണ്ടതിനും അങ്ങനെ മഹത്വകരമായ സുവിശേഷം അതിന്റെ ഉദ്ദേശം നിറവേറ്റേണ്ടതിനുമാണ് 1-ാം അദ്ധ്യായത്തിലെ പതിനൊന്നു വാക്യങ്ങളിലും യുവസുവിശേഷകനായ തിമൊഥെയൊസിനോടു അപേക്ഷിക്കുന്നത്. പൗലൊസ് തിമൊഥെയൊസിനു ശക്തമായ പ്രേരണ നല്കി, അതിന്റെ അടിസ്ഥാനം സുവിശേഷം തനിക്കും - പൊതുവെ പാപം - ബാധിച്ച ആളുകൾക്കും എന്തു തുറന്നു തന്നു എന്നതിലാണ്.

മനുഷ്യരിൽ വ്യാപിക്കേണ്ടതിനു, ദൈവം തന്നിൽ ഭരമേല്പിച്ചതായതുകൊണ്ട്, അത് അർത്ഥവത്തായതാണെന്നു പൗലൊസ് തിരിച്ചറിഞ്ഞിരുന്നു.[16] അടുത്ത ഭാഗത്തു പൗലൊസ് തന്റെ വലിയ നന്ദി പ്രകടിപ്പിക്കുന്നുണ്ട് (1:12-17).

### ഒരു നന്ദിയുള്ള ദാസൻ (വാ. 12)

പൗലൊസിനു വ്യക്തിപരമായി ലഭിച്ച ഉപകാരങ്ങൾ[17] നിമിത്തമാണ്, അവൻ ക്രിസ്തുവിനെ നോക്കി പറഞ്ഞതു, "ഞാൻ [അവന്നു] നന്ദി ചെലുത്തുന്നു." ആ പ്രസ്താവനയുടെ അർത്ഥവും അതെഴുതിയ വ്യക്തിയുടെ നന്ദി പ്രകടനവും പരിഗണിക്കുക. ഇതു മനസ്സില്ലാമനസ്സോടെ "നിങ്ങൾക്കു

നന്ദി" എന്നു പറയുന്നതിനേക്കാൾ വലുതാണ്. ഈ വാക്കുകൾ പുറപ്പെട്ടത് "ക്രിസ്തുവിലായതു" കൊണ്ടു ഭീതിയിലും ഭയത്തിലും ആകേണ്ടി വന്ന ഒരാളിൽ നിന്നാണ് (2 കൊരിന്ത്യർ 4:11; 11:23–31). പൗലൊസിന്റെ ജീവിതം കാണിക്കുന്നത് ദൈവത്തിന്റെ കൃപയ്ക്ക് "കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും" എങ്ങനെ "സന്തോഷ സമൃദ്ധി" കാണിപ്പാൻ കാരണമായി തീർന്നു എന്നാണ് (2 കൊരിന്ത്യർ 8:1–3, 7; പ്രവൃത്തികൾ 16:22–34). അതു കാപട്യമോ മാലിന്യമോ അല്ല. അതു നമ്മെ ശക്തമായി ഓർമ്മിപ്പിക്കുന്നതു എന്തെന്നാൽ നമുക്കു നേരിടുന്ന പരീക്ഷണങ്ങൾ ക്രിസ്തുവിൽ വളരുന്ന അനുഭവത്തിന്റെ ഫലവുമായി താരതമ്യം ചെയ്താൽ അതു വലിയ കാര്യമല്ല എന്നു തോന്നും. ഇയ്യോബും പൗലൊസും, പത്രൊസിനും മറ്റു അപ്പൊസ്തലന്മാർക്കുമൊപ്പം (പ്രവൃത്തികൾ 5:41; 4:19–21), കൃപയാൽ വളർന്നതിന്റെ ജ്വലിക്കുന്ന ഉദാഹരണങ്ങളാണ് (2 പത്രൊസ് 3:18). യോഗ്യമായ ഒരു കാര്യത്തിനാണ് നാം വേദന സഹിക്കുന്നതെങ്കിൽ, ആ വേദനയിൽ നമുക്കു നന്ദിയുണ്ടാകണം എന്നവ ചിത്രീകരിക്കുന്നു (യാക്കൊബ് 1:2–4; ഫിലിപ്പിയർ 3:7–11).[18]

വാക്യം 12-ൽ പൗലൊസ് എഴുതി, "എനിക്കു ശക്തി നല്കിയ, ക്രിസ്തു യേശു എന്ന നമ്മുടെ കർത്താവു, എന്നെ വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷക്കു ആക്കിയതുകൊണ്ടു, ഞാൻ അവനെ സ്തുതിക്കുന്നു." പൗലൊസ് ദൈവത്തിനു നന്ദി ചെലുത്തുന്നതിനുള്ള കാരണം ആ മഹത്തായ സേവനത്തിനു അവനെ കർത്താവു ആക്കിയതുകൊണ്ടും, അവനെ ആ ശുശ്രൂഷക്ക് ശക്തീകരിച്ചതു കൊണ്ടും, അവനെ വിശ്വസ്തൻ എന്നെണ്ണിയതു കൊണ്ടും ആയിരുന്നു. ഇതു മനസ്സിലാക്കിയ ഒരു സുവിശേഷകനും പ്രശ്നം നേരിടുമ്പോൾ ഇടവക വിട്ട് പോകയോ ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞു മാറുകയോ ഇല്ല. അവൻ കരുതുകയും, സഹിക്കുകയും, കേടുതീർക്കുകയും, വീണ്ടെടുക്കയും, യഥാസ്ഥാനപ്പെടുത്തുകയും ചെയ്യുന്ന കൃപാപ്രവൃത്തികളെ ശീലിക്കും (നോക്കുക യാക്കൊബ് 5:19, 20; ഗലാത്യർ 6:1, 2; എഫെസ്യർ 5:15–18; 2 തിമൊഥെയൊസ് 4:2–5).

സുവിശേഷ വേലയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ടു, പൗലൊസ് 1:12–16 ൽ എന്തുകൊണ്ടു താൻ നന്ദിയുള്ളവനായിരിക്കുന്നു എന്നു ചിത്രീകരിച്ചു വിശദീകരിച്ചു. അവൻ തിമൊഥെയൊസിലും മറ്റു സുവിശേഷകന്മാരിലും അവരെ ഭരമേല്പിച്ച ജോലിയോടുള്ള ആ മനോഭാവം വളർത്തി എടുക്കുവാൻ ആഗ്രഹിച്ചു.

കർത്താവു അവനെ ശക്തീകരിച്ചതുകൊണ്ടു പൗലൊസിനു കഷ്ടതയിലും നന്ദി കരേറ്റുവാൻ കഴിഞ്ഞു. നമുക്കു ശക്തി ലഭിക്കുവാൻ, അല്ലെങ്കിൽ നമ്മെ ശക്തീകരിക്കപ്പെടുവാൻ[19] നാം ദൈവത്തിൽ ആശ്രയിക്കണം (കെജെവി). അവനെ കൂടാതെ, നമുക്കു ഒന്നും ചെയ്യുവാൻ സാധ്യമല്ല (യോഹന്നാൻ 15:5), എന്നാൽ അവൻ നമ്മിൽ ആഗ്രഹിക്കുന്നതെല്ലാം അവൻ മുഖാന്തരം നമുക്കു ചെയ്യുവാൻ കഴിയും (ഫിലിപ്പിയർ 4:13; 2 കൊരിന്ത്യർ 9:8–10).

ദൈവം നമ്മെ വിശ്വസ്തരായി[20] എണ്ണുമ്പോൾ (കെജെവി), അതു വാസ്തവത്തിലുള്ള എണ്ണലാണ്. നമുക്കു നമ്മുടെ സൃഷ്ടികർത്താവു

നമ്മോടൊപ്പം ഉണ്ടെന്നറിയുന്നതു എത്ര മനോഹരമായ ആത്മവിശ്വാസം നല്കുന്ന പ്രോത്സാഹനമാണ്! ആ മനോഹര ചിന്ത പ്രകടമാക്കുന്നതു സഹോദരന്മാർ സഭയിലെ മൂപ്പന്മാരെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകതയെയാണ്. ദൈവം തന്റെ "സേവനത്തിൽ"[21] തന്നെ എത്രമാത്രം ഉയർത്തി എന്നത് പരിഗണിക്കുമ്പോൾ പൗലൊസിന് ആ ആശയം കൂടുതൽ പുതുമയുള്ളതായി തോന്നിയിരിക്കണം.

കർത്താവിനു പൗലൊസിനോടു അത്ര ബഹുമാനം ഉള്ളതുകൊണ്ട്, പൗലൊസിനെ തന്റെ വേലയ്ക്കായി[23] "നിയമിക്കുന്നതിൽ"[22] (എൻഐവി) അവനെ ലോകത്തിലെ ഏറ്റവും വലിയ നിയമിക്കുന്നയാളായി ഒരാൾ വിചാരിച്ചേക്കാം. സുവിശേഷകന്മാരെ നിത്യനായവനോടു ചേർന്നു പ്രവർത്തിക്കുവാനാണ് വിളിച്ചിരിക്കുന്നത്!

### മുമ്പിലത്തെ ഒരു മത്സരി (വാ. 13)

ഒരു കാലത്തു പൗലൊസ് മൂന്നിരട്ടി ഭയങ്കരൻ ആയിരുന്നു. അവൻ ദൂഷകനും, ഉപദ്രവിയും, നിഷ്ഠൂരനും[24] ആയിരുന്നു.

അജ്ഞതയും (ശൗൽ ക്രിസ്തുവിനെ അറിഞ്ഞിരുന്നില്ല) അവിശ്വാസവും (അവന്റെ ചിന്തയെ യെഹൂദ പാരമ്പര്യം നിയന്ത്രിച്ചു) നിമിത്തം അവൻ കേട്ട സത്യത്തെ അവനു കാണുവാനും സ്വീകരിക്കുവാനും കഴിഞ്ഞില്ല (നോക്കുക 1 കൊരിന്ത്യർ 2:7, 8; മത്തായി 13:14, 15; മർക്കൊസ് 7:6–13). ഇതു പൗലൊസിനു കർത്താവിന്റെ *കരുണ* ആവശ്യമാക്കി തീർത്തു. ആ മൂന്നു ദിവസം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യാതിരുന്ന പൗലൊസിനെ കുറിച്ചു ഒന്നു ചിന്തിക്കുക (പ്രവൃത്തികൾ 9:1–9). അത്തരത്തിലുള്ള ദുഷ്ക്കർമ്മിയായിരുന്ന പൗലൊസിൽ അവന്റെ ശക്തി ദൈവത്തിനു കാണുവാൻ കഴിഞ്ഞു എങ്കിൽ, തീർച്ചയായും "ദൈവം എന്നെ ആഗ്രഹിക്കുകയില്ല" എന്നു പറയുന്ന ആരെയും, നാം കാണുകയില്ല. ദൈവം നമ്മെ സ്നേഹിക്കുന്നു എന്നും, നാം കണ്ടെത്തുവാനും ഉപദേശിക്കുവാനും ആഗ്രഹിക്കുന്ന എല്ലാവരേയും അവൻ സ്നേഹിക്കുമെന്നും നമുക്കു ഹൃദയത്തിൽ പറയാം!

### ദൈവകൃപയുടെ ഒരു ചിത്രീകരണ പ്രദർശനം (വാ. 14-16)

വീണ്ടെടുപ്പുകാരന്റെ ഉയർത്തെഴുന്നേല്പും പ്രത്യക്ഷതയും ദൈവ *കൃപ* വിപുലീകരിക്കുന്നതായിരുന്നു (പ്രവൃത്തികൾ 22:1–10). പൗലൊസിനു യേശുവിന്റെ പ്രത്യക്ഷത വിശ്വാസ - വ്യവസ്ഥയുടെ തീർച്ചയായി തീർന്നു (റോമർ 1:1–5). ദൈവ കരുണയാൽ പൗലൊസിൽ ദൈവശ്വാസിയത വരികയും അത് അവനെ *സ്നേഹ*ത്തിന്റെ ഒരു മനോഭാവത്തെയും സന്തോഷകരമായ അനുസരണത്തെയും ഉത്തേജിപ്പിച്ചു (യോഹന്നാൻ 14:15; പ്രവൃത്തികൾ 9:17–20; 22:10–16; എബ്രായർ 5:8, 9).

ആ മനോഹര പദ്ധതിയിൽ പാപികളിൽ പ്രധാനി ആയവനെ പോലും രക്ഷിക്കുന്ന വീണ്ടെടുപ്പിന്റെ *ശക്തി* നമുക്കു കാണുവാൻ കഴിയും. നമുക്കു വീണ്ടെടുപ്പുകാരന്റെ *ക്ഷമ*, അല്ലെങ്കിൽ "ദീർഘക്ഷമ" (കെജെവി),[25] കാണാനാകുന്നത് മാസങ്ങളോളം പൗലൊസ് ക്രിസ്ത്യാനികളെ

ഉപദ്രവിക്കുന്നതിൽ നിന്നാണ്. കർത്താവിന്റെ ജനത്തെ അത്രയും ദ്രോഹിച്ചവനു രക്ഷിക്കപ്പെടുവാൻ അവസരം കൊടുത്ത ക്രിസ്തുവിന്റെ ആത്മാവിന്റെ മഹനീയതയാണ് കാണിക്കുന്നത്! ഈ സ്വഭാവത്തിന്റെ രണ്ടു വശങ്ങൾ വില്യം ബാർക്ക്ലേ ചൂണ്ടി കാണിക്കുന്നുണ്ട്: (1) അത് "ഒരിക്കലും മാറ്റം വരുത്താത്ത ദൃഢചിന്താ മനോഭാവമാണ്," ആ മനോഭാവമാണ് ക്രിസ്തു പൗലൊസിൽ കാണിച്ചതും നിങ്ങളിലും എന്നിലും കാണിക്കുന്നതും; (2) അതൊരു നീണ്ട മനോഭാവം ആണ്, "ഒരു മനുഷ്യനു തന്റെ സഹ - മനുഷ്യനോടുണ്ടാകേണ്ട മനോഭാവം. ..."[26] അതു നിന്ദ അല്ലെങ്കിൽ മുറിവ് സഹിക്കാതിരിക്കുക എന്ന് അരിസ്റ്റോട്ടിൽ നിർവ്വചിച്ചിരിക്കുന്നതായ ഗ്രീക്കു സൽഗുണത്തിന് എതിരാണ്. യവനന്മാർക്കു, വലിയ മനുഷ്യൻ പ്രതികാരം കൊടുക്കുന്നവനാണ്. ക്രിസ്ത്യാനിക്കു, അങ്ങനെ ചെയ്യുവാൻ കഴിയുമെങ്കിൽ പോലും, പ്രതികാരം ചെയ്യാത്തവനാണ്, വലിയ മനുഷ്യൻ. കൂടാതെ, നമുക്കു ദൈവത്തിന്റെ *ഉദ്ദേശവും* കാണാം. ദൈവത്തിന്റെ കരുണ നമ്മെ നിത്യജീവങ്കലേക്കു നടത്തുമെന്ന് അറിഞ്ഞുകൊണ്ട് എല്ലാവരും വിശ്വസിക്കേണ്ടതിനും അനുസരിക്കേണ്ടതിനും, അവൻ പൗലൊസിന്റെ പരിവർത്തനത്തെ ഒരു മാതൃകയായി ഉപയോഗിച്ചിരിക്കുന്നു.

---

**ദൈവത്തിന്നു ഒരു സ്തുതി (1 തിമൊഥെയൊസ് 1:17)**

നമുക്കു ഒരു അത്ഭുത സൃഷ്ടാവാണുള്ളതെന്നു ദൈവത്തിന്റെ കൃപയും കരുണയും പൗലൊസിനെ ഓർമ്മിപ്പിച്ചു. അവന്റെ യോഗ്യതകൾ പരിഗണിക്കുക:

| ദൈവം: | | വിളിക്കുന്നതു: |
|---|---|---|
| നിത്യരാജാവ് | - അവസാനിക്കാത്ത ശക്തി | - കീഴ്പ്പെടുവാൻ |
| അദ്രവത്വം | - അവസാനിക്കാത്ത വിശുദ്ധി | - അനുകരിക്കുവാൻ |
| അദൃശ്യൻ | - അദൃശ്യമായ സംരക്ഷണം (യോഹ 1:18; 2 കൊരി. 5:7; സങ്കീ. 19:7-11) | - വിശ്വാസം |
| ദൈവം ഏകൻ മാത്രം | - പ്രത്യേക ദൈവികത്വം (പുറ. 20:1-5; യെശ. 44:6; ഹോശ. 13:4) | - ഔന്നത്യം |

ദൈവസ്വഭാവം അഭ്യർത്ഥിക്കുന്നതു നാം എന്നേക്കും അവനു മാനവും മഹത്വവും അർപ്പിക്കണം എന്നാണ്.

## പാഠം 3: ഒരു തീരുമാനം ആവശ്യപ്പെടൽ (1:18-20)

### "നല്ല പോർ പൊരുതുക"
### (വാ. 18, 19)

ദൈവത്തിന്റെ കൃപ പാപികളിൽ പ്രധാനിയായവനെ പോലും വീണ്ടെടുക്കുമെന്നതു ദൈവവചനം എല്ലാവരുടെ ജീവിതത്തിലും വഴി കാട്ടി ആയിരിക്കും എന്നതിനുറപ്പല്ല. ദൈവത്തിന്റെ കല്പനകളോട് വ്യക്തിപരമായ സമർപ്പണം ആവശ്യമാണ് ("പ്രവചനങ്ങളിൽ"; 1:18; 2 പത്രൊസ് 1:20, 21) അത് ആദരവോടും ധൈര്യത്തോടും നിന്നു ജീവിത പോരാട്ടം നടത്തേണ്ടതിനാണ്. അതുകൊണ്ടു, പൗലൊസ് തിമൊഥെയൊസിനോടു "നല്ല പോർ പൊരുതുക" എന്നാജ്ഞാപിച്ചു. (നോക്കുക 2 കൊരിന്ത്യർ 10:3-6; എഫെസ്യർ 6:10-19.) ഈ ലക്ഷ്യം കൈവരിക്കുവാൻ രണ്ടു വഴികളാണുള്ളത്: "നല്ല മനസാക്ഷിയും"[27] "നിർവ്യാജ വിശ്വാസവും" (1:5).

ദൈവവചനം, അല്ലെങ്കിൽ "പ്രവചനം," വിശ്വാസത്തെ വളർത്തുന്നു (റോമർ 10:17). ഒരാൾ വിശ്വാസത്തെ കാത്തുകൊണ്ടാൽ, അയാൾ നല്ല മനസാക്ഷി വളർത്തിയെടുക്കും. നാം വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു (റോമർ 5:1, 2; ഗലാത്യർ 3:26, 27), വിശ്വാസത്താൽ നടക്കുന്നു (2 കൊരിന്ത്യർ 5:7), വിശ്വാസത്താൽ ലോകത്തെ ജയിക്കുന്നു (1 യോഹന്നാൻ 5:4), വിശ്വാസത്തിൽ ക്രിസ്തുവിന്റെ ഭാവം ധരിക്കുന്നു (ഗലാത്യർ 2:20). നമ്മുടെ വിശ്വാസം നീതിയായി കണക്കിടുന്നു (റോമർ 4:3-5), വിശ്വാസമെന്ന പരിച എടുത്തു ദുഷ്ടന്റെ തീയമ്പുകളെ എതിർക്കുന്നു (എഫെസ്യർ 6:16). വിശ്വാസം സൂക്ഷിക്കുവാൻ പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞതിൽ അതിശയിക്കുവാനില്ല! വചനാടിസ്ഥാനത്തിൽ വളർത്തിയെടുത്ത വിശ്വാസത്തിലായിരിക്കണം ഓരോ സുവിശേഷകനും തന്റെ ജീവിതവും ശുശ്രൂഷയും നടത്തേണ്ടത്!

പൗലൊസ് തിമൊഥെയൊസിനു കൊടുത്ത മൂന്നു നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്നു മാറ്റി കളയുവാൻ ശ്രമിക്കുന്ന ഏതൊരു സുവിശേഷകനും അയ്യോ കഷ്ടം. അവൻ ഈ കല്പന *വചനം* കൂടാതെയാണ് എടുക്കുന്നതെങ്കിൽ, അവൻ തെറ്റായ ദിശയിലേക്കായിരിക്കും ചലിക്കുന്നത് (യിരെമ്യാവു 10:23). അവൻ അതു *വിശ്വാസം* കൂടാതെ കാത്തുകൊൾവാൻ ശ്രമിച്ചാൽ, അവൻ ഒന്നും നേടുകയില്ല (മത്തായി 25:24-30; മർക്കൊസ് 9:17-23). അവൻ അതു *നല്ല മനസാക്ഷി* കൂടാതെ കാത്തുകൊൾവാൻ ശ്രമിച്ചാൽ, അവന്റെ കാലുകളും പാദങ്ങളും ആത്മവിശ്വാസമില്ലാതെ വിറക്കും (നോക്കുക 1 ശമുവേൽ 17:21-25; 28:5-7, 15, 20, 21; കൂടാതെ നോക്കുക ലൂക്കൊസ് 5:3-11). പൗലൊസിന്റെ ആജ്ഞയിൽ നിന്നുള്ള ഏത് വ്യതിചലനവും അലഞ്ഞുതിരിയുന്നവനെ ഹുമനയൊസിനെയും അലെക്സാന്തരിനെയും, അവർ ദൂഷണം പറയാതിരിക്കേണ്ടതിന് (1:20) പൗലൊസ് "സാത്താനു ഏല്പിച്ചു കൊടുത്ത," ഭയങ്കരമായ വിപത്തിനെയാണ് കാണിക്കുന്നത്.

## സാത്താനു ഏല്പിക്കുന്നതു ദോഷം വരുത്തുവാനല്ല (വാ. 19, 20)

പൗലൊസ് ഊന്നൽ കൊടുത്ത[28] വഴികളിൽ നിന്നും, വിശ്വാസത്തിൽ നിന്നും, നല്ല മനസാക്ഷിയിൽ നിന്നും അകന്നു പോയവരായിരുന്നു ഹുമെനയൊസും അലെക്സന്തരും. ആ രണ്ടു പേർക്കും വിശ്വസ്തരായി നില്ക്കേണ്ടതിന് ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നതായി പൗലൊസ് തന്റെ വാക്കുകളിൽ ശക്തമായി പ്രകടിപ്പിച്ചിരിക്കുന്നു! തങ്ങൾക്കു സ്നേഹത്തോടെ ലഭിച്ച മഹത്തായ ദൈവികവും മാനുഷികവുമായ സ്വാധീനത്തെയാണ് അവർ വിട്ടുകളഞ്ഞത്.

"അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി" എന്ന വസ്തുത അവരുടെ വ്യക്തിപരമായ വിപത്തുമാത്രമല്ല പറയുന്നത്, എന്നാൽ അതു "ഒരിക്കൽ വിശ്വസിച്ചാൽ, എല്ലായ്പ്പോഴും വിശ്വാസത്തിലായിരിക്കും," അല്ലെങ്കിൽ "ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ, എല്ലായ്പോഴും രക്ഷിക്കപ്പെട്ടിരിക്കും" എന്ന സിദ്ധാന്തത്തിനു എതിരാണെന്നും തെളിയിക്കുന്നു. (നോക്കുക 1 തിമൊഥെയൊസ് 4:1; ഗലാത്യർ 5:4.)

പൗലൊസ് ആ പുരുഷന്മാരെ "സാത്താനു" ഏല്പിച്ചു കൊടുത്തു എന്ന വസ്തുത (നോക്കുക മത്തായി 18:15–18; തിത്തൊസ് 3:10, 11; 2 തെസലൊനിക്യർ 3:6, 14, 15; 1 കൊരിന്ത്യർ 5:1–5) യോഹന്നാൻ 8:44 ലെ ക്രിസ്തുവിന്റെ മാതൃക അനുസരിച്ചാണ്. അവൻ പറഞ്ഞു,

> നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ, നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു. അവൻ ആദി മുതൽ കുലപാതകൻ ആയിരുന്നു, അവനിൽ സത്യം ഇല്ലായ്ക കൊണ്ടു, സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക്ക് പറയുമ്പോൾ, സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്ക്ക് പറയുന്നവനും, അതിന്റെ അപ്പനും ആകുന്നു.

*ദ സാറ്റാനിക് ബൈബിളി*ന്റെ ലേഖകനായ, ആന്റൺ എസ്. ലാവേ, പറഞ്ഞതുപോലെ, "... നിങ്ങൾ പിശാചിന്റെ കളി എടുക്കുകയാണെങ്കിൽ, എന്തുകൊണ്ടു പിശാചിന്റെ പേർ എടുക്കുന്നില്ല."[29]

പൗലൊസിന്റെ ഉദ്ദേശം – അവരെ പിശാചിനു ഏല്പിച്ചതിൽ പോലും – അവർ ദൂഷണം പറയാതിരിപ്പാൻ *"പഠിക്കേണ്ടതിന് ആയിരുന്നു"* എന്ന് ദയവായി ശ്രദ്ധിക്കുക (1:20; എംഫസിസ് മൈൻ). ദൂഷണം ഗൗരവമുള്ള പാപം ആയിരിക്കെ,[30] അപ്പോഴും ആ പുരുഷന്മാരെ പഠിപ്പിക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത്. പൗലൊസ് തിരഞ്ഞെടുത്ത ക്രിയ[31] തെളിയിക്കുന്നതു അവർ അവന്റെ ഉപദേശം കൈക്കൊള്ളുമെന്നു അവനു തീർച്ചയില്ലായിരുന്നു എന്നാണ്. അവർ ദൂഷണം പറഞ്ഞാലും അവരെ പഠിപ്പിച്ച് നേരാക്കണമെന്നായിരുന്നു പൗലൊസിന്റെ ലക്ഷ്യം!

നാം എന്തായിരിക്കരുത് എന്ന മുന്നറിയിപ്പോടെയാണ് അദ്ധ്യായം 1 അവസാനിപ്പിക്കുന്നത്. അദ്ധ്യായം 2 നാം എന്തായിരിക്കണമെന്നും എന്തു ചെയ്യണമെന്നുമുള്ള നിർദ്ദേശത്തിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു.

കുറിപ്പുകൾ

[1]പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരുടെ മൂന്നു ക്രമം നാം കാണുന്നുണ്ട്: (1) ദൈവത്തിന്റെ, യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ (എബ്രായർ 3:1); (2) ക്രിസ്തുവിന്റെ അപ്പൊസ്തലൻ (മത്തായി 10:2-4; പ്രവൃത്തികൾ 1:26; ഗലാത്യർ 2:8; 1 കൊരിന്ത്യർ 15:7-10); (3) സഭയുടെ അപ്പൊസ്തലൻ, 2 കൊരിന്ത്യർ 8:23; പ്രവൃത്തികൾ 14:14 ലേതുപോലെ. അവസാനം പറഞ്ഞതിൽ, സഭയാൽ ആളുകളെ തിരഞ്ഞെടുത്ത്, സഭയുടെ ആ സേവനത്തിൽ അല്ലെങ്കിൽ അവസരത്തിൽ സന്ദേശവാഹകർ, അല്ലെങ്കിൽ *അപ്പൊസ്തൊലോയി*, ആകുന്നു. അതു ഒരു പദവിയേക്കാൾ ഒരു ഉത്തരവാദിത്വത്തെയാണ് സൂചിപ്പിക്കുന്നത്. "അപ്പൊസ്തലൻ," എന്നതിന്റെ ഗ്രീക്ക് വാക്ക് *അപ്പൊസ്തോലൊസ്* എന്നതിന്റെ അർത്ഥം, "ഒരു പ്രതിനിധി, സന്ദേശവാഹകൻ, കല്പനകളോടെ അയക്കുന്നവൻ" എന്നാണ് (സി. ജി. വിൽ ക്കേയും വിലിബാൾഡ്, ഗ്രീം, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബർഗ്, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 68). ഓരോ സംഭവത്തിലും, ആ ജോലി നിറവേറ്റുന്നയാൾ അയക്കുന്ന ആളുടെ അധികാരത്തോടെയാണ് സംസാരിക്കുന്നത് (നോക്കുക ലൂക്കൊസ് 10:16; യോഹന്നാൻ 13:20). [2]2 പത്രൊസ് 3:18 ഉം 2 കൊരിന്ത്യർ 8:1-3, 7 ഉം ശ്രദ്ധിക്കുമ്പോൾ, അവിടെ സഭയിൽ നല്കിയ കൃപ നമ്മെ കഷ്ടതയിൽ പോലും, സന്തോഷിപ്പിക്കുന്നതായി കാണാം. കഠിന ദാരിദ്ര്യത്തിന്റെ ആഴത്തിലും ഒരാൾ ഉദാരത കാണിക്കും. ദൈവ കൃപ നമ്മിൽ വിശ്വാസത്തിൽ, സംസാരത്തിൽ, ജ്ഞാനത്തിൽ, എല്ലാ താല്പര്യത്തിലും കൂടാതെ സ്നേഹത്തിലും, സമൃദ്ധമായി ലഭിക്കുവാൻ സഹായിക്കും. ഒരു സുവിശേഷകന്റെ പ്രവൃത്തിയിൽ ഈ സ്വഭാവ ഗുണങ്ങൾ എന്ത് അത്ഭുതകരമായ ഉപകാരങ്ങൾ നൽകും! (*കാരിസ്* എന്നതിനെ കുറിച്ചു ഫുട്ട്നോട്ട് 17-ൽ തേയറുടെ നിർവ്വചനം നോക്കുക. [3]ഈ കരുണ (ഗ്രീക്ക്: *എലോസ്*) അർത്ഥം "കഷ്ടപ്പെടുന്നവരോടും ഉപദ്രവിക്കപ്പെടുന്നവരോടും ദയ അല്ലെങ്കിൽ നല്ല മനസ്സും, അതിനോടൊപ്പം അവരെ അതിൽ നിന്നു വിടുവിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കലുമാണ്" (തേയർ, 203). ലോകത്തുള്ള ആത്മാക്കളെ കണ്ടുമുട്ടുന്ന ഒരാളിൽ ഈ സ്വഭാവം ഉണ്ടാകുന്നതു എത്ര വിലയേറിയതാണ്! [4]ഈ സമാധാനം എന്നതിന്റെ ഗ്രീക്ക് വാക്കായ, *എയിരേനെ,* എന്നതിന്റെ അർത്ഥം "ക്രിസ്തു മുഖാന്തരം ഉള്ള രക്ഷ ആത്മാവിന്റെ സ്വസ്ഥമായ അവസ്ഥയെ ഉറപ്പു വരുത്തുകയും, ദൈവത്തിൽ നിന്നു ഭയപ്പെടാതെ, ഭൗമികമായി സമൃദ്ധിയിൽ എന്തുതന്നെ ആയാലും അതിൽ തൃപ്തിപ്പെടണം: റോമർ 8:6" (തേയർ, 182). [5]"നിർദ്ദേശിക്കുക," എന്നതിന്റെ ഗ്രീക്ക് വാക്ക് *പരൻഗേലിയ*, അർത്ഥം "... സന്ദേശം അന്യോന്യം അയക്കുക ... പ്രഖ്യാപിക്കുക, ഉച്ചരിക്കുക ... കല്പിക്കുക, ആജ്ഞാപിക്കുക, ചുമതലപ്പെടുത്തുക" (തേയർ, 479). പ്രയോഗത്തിൽ വരുമ്പോൾ ആ വാക്കിന്റെ അർത്ഥത്തിന്റെ ആഴം ശ്രദ്ധിക്കുക: ദൈവ സന്ദേശം "പ്രഖ്യാപിക്കുക" മാത്രം ചെയ്യുന്ന സുവിശേഷകൻ ഭാഗ്യവാൻ - അതു വ്യത്യസ്തതയുള്ള ദുരുപദേശത്തെയും പ്രഖ്യാപനങ്ങളെയും ഇല്ലാതാക്കും. എങ്ങനെയായാലും, ആവശ്യമെങ്കിൽ, സുവിശേഷകൻ കല്പിക്കുകയും, ആജ്ഞാപിക്കയും, ദുരുപദേഷ്ടാവിനെ വിലക്കുകയും വേണം. എല്ലാ

ത്തിലുമുപരി, ഒരാൾ നിർബന്ധപൂർവ്വം അന്യഥാ ഉപദേശിക്കുകയാണെങ്കിൽ അത് അയാളുടെ ആത്മാവിനെയാണ് ബാധിക്കുന്നത് (ഗലാത്യർ 1:6–9). [6]കെട്ടു കഥ (ഗ്രീക്ക്.: *മുതോസ്*) – "ഒരു കണ്ടുപിടുത്തം, തെറ്റ്" (തേയർ, 419). [7]വിചാരം (ഗ്രീക്ക്.: *എക്സെറ്റെസിസ്*) – "പരിശോധിക്കൽ ... സൂക്ഷ്മമായ അന്വേഷണം ... വാദം" (തേയർ, 195). [8]ഭരണനിർവ്വഹണം (ഗ്രീക്ക്.: *ഓയിക്കൊനൊമൊസ്*) – "നിർവ്വഹണം" (തേയർ, 440–41). [9]വിശ്വാസത്തിൽ (ഗ്രീക്ക്.: *എൻ പിസ്റ്റെയി*) – പരോക്ഷമായ കാര്യത്തിൽ ഇവിടെ വിശ്വാസത്തെ പ്രത്യേകമായി അവതരിപ്പിച്ചിരിക്കുന്നത് നടത്തിപ്പിന്റെ ഉറവിടം അല്ലെങ്കിൽ ദൈവത്തിന്റെ നടത്തിപ്പായിട്ടാണ് (എച്ച്. ഈ. ഡാനാ ആന്റ് ജെ. ആർ. മാന്റേ, *ഏ മാനുവൽ ഗ്രാമർ ഓഫ് ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1948], 84). [10]വ്യതിചലിക്കുക (ഗ്രീക്ക്.: *അസ്റ്റോകെയോ*) – "ഉന്നം തെറ്റുക ... തെറ്റുക" (എഡ്വേർഡ് റോബിൻസൺ, *എ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 103).

[11]ഫലമില്ലാത്ത ചർച്ച (ഗ്രീക്ക്.: *മറ്റായിയോലോഗിയ*) – "... വൃഥാ വാചകമടി" (റോബിൻസൺ, 446). *മറ്റായിയോലോഗോസിന്റെ* രൂപ ഭേദമാണ് തിത്തൊസ് ഉപയോഗിച്ചത്. [12]റോബിൻസൺ, 446. [13]തേയർ, 392. [14]ആത്മവിശ്വാസത്തോടെ ഉറപ്പിക്കൽ (ഗ്രീക്ക്.: *ഡയബേബായൂമായി*) – "... ഉറപ്പിക്കുക; അതുകൊണ്ടു ശക്തമായി ഉറപ്പിക്കുക" (റോബിൻസൺ, 168). [15]വില്യം ബാർക്ക്ലേ, *ദ ലറ്റേഴ്സ് ടു തിമോഥി, തിത്തൊസ് ആന്റ് ഫിലെമോൻ,* ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രെസ്, 1960), 36–37. [16]പത്ഥ്യം (ഗ്രീക്ക്.: *ഹുഗയിനോ*) – "... ആരോഗ്യമുള്ള, ക്ഷേമമായ, ... ഉറച്ച, ശുദ്ധമായ, ക്രിസ്തീയ ഉപദേശത്തിനും ജീവിതത്തിനും ശരിയായ ... മലിനപ്പെടാത്ത" (റോബിൻസൺ, 736). [17]അധർമ്മി (ഗ്രീക്ക്.: *അനോമോസ്*) – "ജാതികളുടെ ഉപയോഗം, 1 കൊരിന്ത്യർ 9:21, 'അകൃത്യ' ത്തിന്റെ ഏതെങ്കിലും നിർദ്ദേശം കൂടാതെ" (തേയർ, 48). [18]മത്സരികൾ; അനുസരണം കെട്ടവർ (ഗ്രീക്ക്.: *അനുപോടക്റ്റോസ്*) – "നിയന്ത്രണത്തിനു വിധേയപ്പെടാത്തവർ ... ക്രമം കെട്ടവർ, ശാഠ്യമുള്ള" (തേയർ, 52). [19]അഭക്തി (ഗ്രീക്ക്.: *അസെബ്സ്*) – "ദൈവത്തോടുള്ള ആദരപൂർവമായ ഭക്തി ... ഭയഭക്തിയുള്ള" (തേയർ, 79). [20]പാപി (ഗ്രീക്ക്.: *അമർത്തൊലോസ്*) – "... പാപത്തിൽ മുഴുകുക ... പാപസംബന്ധമായി മുന്നിട്ടു നില്ക്കുക, പ്രത്യേകിച്ചു ദുഷ്ടതയിൽ" (തേയർ, 31).

[21]അശുദ്ധൻ, ബാഹ്യന്മാർ (ഗ്രീക്ക്.: *അനോസിയോസ്*) – "... ദുഷ്ടതയുള്ള ... അശുദ്ധ മത്സരം ... ഭയങ്കര ദുഷിച്ച ഉപദ്രവങ്ങൾ" (വാൾട്ടർ ബാവർ, *എ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 2–ാം എഡി., റെവ. വില്ല്യം എഫ്. ആർട്ട് ആന്റ് എഫ്. വിൽബർ ജിഞ്ച്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1957], 71–72). [22]ദുർന്നടപ്പുകാരൻ (ഗ്രീക്ക്.: *പോർനോസ്*) – "തന്റെ ശരീരം മറ്റൊരാളുടെ മോഹത്തിനായി വ്യഭിചാരത്തിനു വാടകക്കായി ഏല്പിക്കുന്ന പുരുഷൻ, ഒരു പുരുഷ വ്യഭിചാരകൻ ... ഒരു ദുർന്നടപ്പുകാരൻ, നിയമ വിരുദ്ധമായി ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെടുന്ന പുരുഷൻ ആണ്" (തേയർ, 532). [23]പുരുഷമൈഥുനക്കാർ (ഗ്രീക്ക്.: *അർസെനോകോയിറ്റ്സ്*) – "*അർസെൻ* = ഒരു പുരുഷൻ; *കോയിറ്റ്* = ഒരു കിടക്ക; ഒരു സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ പുരുഷൻ പുരുഷ

നോടുകൂടെ ശയിക്കുന്നത്, പ്രകൃതി വിരുദ്ധഭോഗത്തിൽ ഏർപ്പെടുന്നവൻ" (തേയർ, 75). [24]നരമോഷ്ടാക്കൾ (ഗ്രീക്ക്.: *ആൻ്ത്രപൊഡിസ്റ്റെസ്*) - "അടിമയെ കൈകാര്യം ചെയ്യുന്ന ആൾ, നരമോഷ്ടാവ്, ... സ്വതന്ത്രരായ മനുഷ്യരുടെ നീതിയെ ചുരുക്കി അടിമയാക്കൽ ... മറ്റുള്ളവരുടെ അടിമകളെ മോഷ്ടിച്ചു വില്ക്കുന്നവൻ" (തേയർ, 43). [25]ഭോഷ്ക്ക് പറയുന്നവർ (ഗ്രീക്ക്.: *സ്യൂസ്റ്റസ്*) - "... ഒരു തെറ്റുകാരൻ, ഒരു നുണയൻ, വഞ്ചകൻ ... കൂടാതെ ദുരുപദേഷ്ടാവു, കപടവേഷധാരി ... ദൈവത്തോട് ഒരാൾ തെറ്റായിരിക്കുക, വിശ്വാസം ത്യജിച്ച ഒരാൾ, ദുഷ്ടനായ വ്യക്തി, റോമർ 3:4" (റോബിൻസൺ, 792). [26]കള്ള സത്യം ചെയ്യുന്നവൻ (ഗ്രീക്ക്.: *എപ്പിയോർക്കോസ്*) - "തെറ്റായി, കള്ള പ്രതിജ്ഞ ചെയ്യുക ... കള്ള സത്യം ചെയ്യുന്ന, തെറ്റായി ആണയിടുന്നവൻ" (ജി. അബ്ബോട്ട് - സ്മിത്ത്, *എ മാനുവൽ ഗ്രീക്ക് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെൻ്റ്* [എഡിൻബർഗ്, സ്ക്കോട്ട്ലൻ്റ്: റ്റി. & റ്റി. ക്ലാർക്ക്, 1948], 172). [27]മനോഹരവും, സാങ്കേതികവുമായ പോയിൻ്റ് എന്തെന്നാൽ ഈ ഭരമേല്പിക്കലിൻ്റെ ഗ്രീക്ക് വാക്ക് പാസിവ് വോയ്സിലാണ് (*എപിസ്റ്റുത്തെൻ*), അതു പൗലൊസിലേക്കു ദീർഘിപ്പിച്ചതായി ഊന്നൽ നല്കുന്നു; അവൻ അതു നേടിയതോ, യോഗ്യമാക്കിയതോ അല്ല. ആ മഹത്തായ സേവനം പൗലൊസിനു നല്കുവാനിടയായതു ദൈവകൃപയാലായിരുന്നു. [28]ഉപകാരം (ഗ്രീക്ക്.: *ചാരിസ്*) - "സന്തോഷം, സുഖം, ആഹ്ലാദം, മാധുര്യം, ആനന്ദം, സ്നേഹം എന്നിവ ജനിപ്പിക്കുന്നത് ... കരുണയുള്ള ദയയാൽ ദൈവം, അവൻ്റെ വിശുദ്ധ സ്വാധീനം ആത്മാക്കളിൽ പകരൽ, അതു ക്രിസ്തുവിലേക്കു തിരിക്കയും, സൂക്ഷിക്കുകയും, ശക്തിപ്പെടുത്തുകയും, അവ ക്രിസ്തീയ വിശ്വാസത്തിലും, പരിജ്ഞാനത്തിലും, സ്നേഹത്തിലും വർദ്ധിപ്പിക്കയും, ക്രിസ്തീയ മനോഗുണങ്ങളെ ഉദ്യോദിപ്പിക്കയും വേണം" (തേയർ, 666). [29]ഉപദ്രവകാരി ആയിരിക്കുക അല്ലെങ്കിൽ ഉപദ്രവിക്കപ്പെട്ടവർ ആയിരിക്കുക, ഏതാണ് ശ്രേഷ്ഠമായത്? തിന്മ ചെയ്തുകൊണ്ട് ജൈത്രയാത്ര നടത്തുന്നതാണോ, തിന്മ ചെയ്യാതിരിക്കയും നന്മ ചെയ്തുകൊണ്ട് കഷ്ടം സഹിക്കുന്നതാണോ നല്ലത്? (നോക്കുക 1 പത്രൊസ് 3:15-18; 2:20-24; റോമർ 12:20, 21.) [30]കഴിവുള്ളവരാകുക (ഗ്രീക്ക്.: *എൻഡുനാമൂ*) - "ശക്തരാക്കുക" (തേയർ, 214).

[31]വിശ്വസ്തൻ എന്നു കണക്കാക്കുക (ഗ്രീക്ക്.: *ഹേജിയോമായി*) - "... ഒരദ്ധ്യക്ഷൻ ആകുക, ഭരിക്കുക, കല്പിക്കുക, അധികാരം ഉണ്ടാവുക ... സ്വാധീനം കണക്കിലെടുത്തു നയിക്കുന്നതിൽ, തീരുമാനം നിയന്ത്രിക്കുന്നതിൽ ... ഒരാളെ അമിതമായി കണക്കാക്കുന്നതിൽ, 1 തെസ. 5:13" (തേയർ, 276). [32]ആ വാക്ക് ഉയർത്തി കാണിക്കുന്നതു കർത്താവിൻ്റെ നിയന്ത്രണത്തെയും ആത്മ വിശ്വാസത്തെയുമാണ് (ഗലാത്യർ 1:15-24) പൗലൊസിൻ്റെ കീഴ്പ്പെടലും കാണിക്കുന്നു (പ്രവൃത്തികൾ 22:10). ഈ വസ്തുതകൾ ഒരു സുവിശേഷകനെ താഴ്ത്തുന്നു, എന്നാൽ അതു ധൈര്യത്തെയും ആത്മവിശ്വാസത്തെയും വളർത്തുന്നു (2 കൊരിന്ത്യർ 3:12; 2 തിമൊഥെയൊസ് 4:17, 18). "ഞാൻ കടക്കാരൻ" എന്നു തോന്നുവാൻ തക്ക കൂടുതൽ പക്വതയുള്ള സുവിശേഷകന്മാരെ ദൈവം നമുക്കു തരട്ടെ (റോമർ 1:14; കെജെവി), അതേ സമയം അവർ "... നമ്മെ സ്നേഹിക്കുന്നവൻ മുഖാന്തരം സന്തോഷത്തോടെ കീഴ്പ്പെടുത്തുന്നവരാകേണം ..." എന്നു മനസ്സിലാക്കണം (റോമർ 8:35-39). [33]നിയമിക്കുക (ഗ്രീക്ക്.: *തെമേനാസ്*) - "ചേർക്കുക, ഇടുക, സ്ഥാനത്താക്കുക ... ഒരു പദ്ധതിയിടുക ... ഒരാളുടെ ഉദ്ദേശം നടപ്പാ

ക്കുവാൻ" (തേയർ, 622-23). ഇവിടെ ഉപയോഗിച്ചിരിക്കുന്ന പാർട്ടിസിപ്പിളിന്റെ മദ്ധ്യ ശബ്ദം ദൈവം നമ്മുടെ ജീവിതത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നു കാണിക്കുന്നു (നോക്കുക കുറിപ്പു 23). [34]മൂന്നു പ്രധാന വസ്തുതകളെയാണ് പൗലൊസ് ഈ പദപ്രയോഗത്തിൽ ഊന്നൽ വരുത്തിയിരിക്കുന്നത്: (1) നമുക്കുവേണ്ടിയുള്ള ഒരു ഉദ്ദേശം കർത്താവു നിറവേറ്റും (നോക്കുക യിരെമ്യാവു 1:5; എഫെസ്യർ 1:3-7; ഗലാത്യർ 1:3-7; ഗലാത്യർ 1:15-24); (2) ദൈവം നമ്മെ അവന്റെ സേവനത്തിനായി വെക്കും (അല്ലെങ്കിൽ നമ്മിൽ പ്രവർത്തിക്കും); (3) നാം അവന്റെ കരുണാധിക്യപ്രകാരം ആക്കിയ സ്ഥാനത്ത് ആത്മവിശ്വാസത്തോടെ സേവിക്കകൊണ്ടു നാം നന്ദിയുള്ളവരാകണം, അതു അവന്റെ ഇഷ്ടം നമ്മിൽ ചെയ്യേണ്ടതിനാണ് (മത്തായി 26:38-44; 1 കൊരിന്ത്യർ 12:18; 2 കൊരിന്ത്യർ 2:14-17; ഫിലിപ്പിയർ 2:12, 13; എഫെസ്യർ 1:22, 23). [35]കൈയേറ്റക്കാരൻ (ഗ്രീക്ക്.: *ഹുബ്രിസ്റ്റെസ്*) - "ധിക്കാരമുള്ളവൻ, അതിരുകവിഞ്ഞവൻ, ഹാനികരം" (റോബിൻസൺ, 736); "അഹങ്കാരം നിമിത്തം, ഉന്നതഭാവത്തോടെ, ഒന്നുകിൽ പരിഹാസ്യമായ ഭാഷ മറ്റുള്ളവരിൽ ഉപയോഗിക്കുന്നവൻ അല്ലെങ്കിൽ ലജ്ജാകരമായ തെറ്റു ചെയ്യുന്നവൻ" (തേയർ, 633-34). പൗലൊസിനു ഒരു ഉയർന്ന മനോഭാവം ഉണ്ടായിരുന്നു, അതു ദുഃഖിക്കുന്ന ആത്മാക്കളെ കീഴ്പ്പെടുത്തുന്ന ഒന്നായിരുന്നു. [36]"ദീർഘക്ഷമ" എന്ന വാക്ക് പാപികൾക്ക് എത്ര ഹൃദയ സ്പർശിയാണ്! (ഗ്രീക്ക്.: *മക്റോത്തുമിയ*, "ക്ഷമ, സഹിഷ്ണുത, മാറ്റമില്ലായ്മ, നിരന്തരപ്രയത്നം, ദൃഢചിത്തത, ... അതു കാണപ്പെടുന്നത് കഷ്ടതയും രോഗവും സഹിക്കുന്നതിലും ... തെറ്റുകളോടു പതുക്കെ പ്രതികരിക്കുന്നതിലുമാണ് ..."; *മക്രോത്തുമെയോ*, എന്ന നാമം ശ്രദ്ധിക്കുക, "ദീർഘകാല മനോഭാവം ഉണ്ടാവുക, ഹൃദയം കലങ്ങാതിരിക്കുക ... മറ്റുള്ളർ വൃണപ്പെടുത്തുന്നതും എതിർക്കുന്നതും വഹിക്കുവാനുള്ള ക്ഷമയുണ്ടാകുക; പ്രതികാരത്തിനായി മൃദുവായിരിക്കുക ... കോപത്തിനു താമസം ഉണ്ടാകുക, ശിക്ഷിക്കുവാൻ താമസം വരുത്തുക" [തേയർ, 387]). [37]വില്യം ബാർക്ക്ലേ, *ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്* (ലണ്ടൻ: എസ്സിഎം പ്രെസ്, 1964), 196-97. നോക്കുക റോമർ 12:19-21. [38]നല്ല മനസാക്ഷി (ഗ്രീക്ക്.: *സുനേയിഡെസിസ്*) - "പാപങ്ങളെ കുറിച്ചു ബോധമുള്ള ആത്മാവു ... ധാർമ്മികമായി എന്താണ് നല്ലതും മോശമായതും എന്നു തിരിച്ചറിയുന്ന ആത്മാവു, രണ്ടാമത്തേതു ഒഴിവാക്കി ഒന്നാമത്തേതു ചെയ്യുവാൻ പ്രേരിപ്പിക്കുക, ഒന്നിനെ പ്രശംസിക്കയും, രണ്ടാമത്തേതിനെ ഖണ്ഡിക്കയും ചെയ്യുക" (തേയർ, 602-3). [39]"അടിച്ചേല്പിക്കുക" എന്നതിന്റെ ഗ്രീക്ക് അർത്ഥം *അപ്പോത്തെയോ* എന്നാണ്, "തള്ളുക, തിരിച്ചോടിക്കൽ ... ഒരാളുടെ സ്വയത്തെ തള്ളി മാറ്റുക, ..." (തേയർ, 70). ഗ്രീക്ക് ഗ്രാമർ ഘടന (*അപോസാമെനോയി*) എന്നതു 1 അയോറിസ്റ്റ്, മദ്ധ്യപാർട്ടിസിപ്പിൾ ആണ്. അതു മദ്ധ്യശബ്ദമെന്നു പറഞ്ഞതിനർത്ഥം അതു ഒരു സ്വയം - അടിച്ചേല്പിക്കപ്പെട്ട പ്രവൃത്തി ആണ്. അതിൽ ബാഹ്യമായ ഇടപെടൽ ഉണ്ടായാലും, *മറ്റാരുമല്ല അവരെ ഇതു ചെയ്യിക്കുന്നത്*. ദൈവികകാര്യങ്ങൾ പ്രഖ്യാപിക്കുന്നതിൽ പരാജയപ്പെടുമ്പോൾ സഹോദരന്മാരെയും മൂപ്പന്മാരെയും അല്ലെങ്കിൽ "സമയ" ത്തെയും കുറ്റപ്പെടുത്തുന്ന സുവിശേഷകന്മാർ മനസ്സിലാക്കേണ്ടത് ഈ കാര്യത്തിൽ ദൈവശ്വാസിയ രേഖ പുരുഷന്മാരിലാണ് മൊത്തത്തിൽ കുറ്റം ചുമത്തിയിരിക്കുന്നത് എന്നാണ്. വസ്തുത എന്തെന്നാൽ അയോറിസ്റ്റ് ടെൻസ് പ്രവൃത്തിയെ സൂചിപ്പിക്കുന്നു എന്നതാണ്. ഒരാൾ തന്റെ നല്ല മനസാക്ഷിയെ അല്ലെങ്കിൽ വിശ്വാസത്തെ തള്ളിക്കളയുവാനിടയുണ്ട്

– അത് വർഷങ്ങളായി പടുത്തുയർത്തിയ സമർപ്പിത സേവനമാണ് – ഒരൊറ്റ മൗഢ്യ പ്രവൃത്തികൊണ്ടാണ് അത് ഇല്ലാതാകുന്നത്! [40]ജേയ്സൺ മൈക്കൾസ്, *ദ ഡെവിൾ ഈസ് എലൈവ് ആന്റ് വെൽ ആന്റ് ലിവിങ് ഇൻ അമേരിക്ക ടുഡേ* (ന്യൂയോർക്ക്: അവാർഡ് ബുക്ക്സ്, 1974), 25.

[41]ഉപദേഷ്ടാക്കന്മാരും ദൂഷണം പറയുവാനിടയുണ്ട് എന്നതിനു ഇതാ ഒരു ഉദാഹരണം. ചിലർ കഠിനശിക്ഷകൾ, വ്യാജപ്രശംസകൾ,അപവാദങ്ങൾ, പദ വിചിഹ്നങ്ങൾ, മറ്റുള്ളവരുടെ ബഹുമതി നഷ്ടപ്പെടുത്തുന്ന കുറ്റങ്ങൾ എന്നിവ അവരിൽ ചുമത്തുകയും, അവരെ അതിൽ കുറ്റക്കാരെന്നു ആരോപിക്കയും ചെയ്യും! അതു ഉപദേശത്തിൽ നിന്നുള്ള വ്യതിയാനമോ അല്ലെങ്കിൽ വസ്തുത കൾ ഇല്ലാതെ വ്യക്തിത്വത്തെ ആക്രമിക്കുന്നതോ ആയാലും, ദൂഷണം പറയു ന്നവർ കർത്താവിന്റെ സഭക്കു ലജ്ജയുണ്ടാക്കുന്നവരാണ്. [42]"ശീലിക്കേണ്ടതി നു," എന്നതിന്റെ തർജ്ജിമ ചെയ്ത ഗ്രീക്ക് വാക്ക് *പായിഡുത്തോസിൻ*, അനു ബന്ധ പാസിവ് രൂപത്തിലാണ് കാണപ്പെടുന്നത്.